പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പ്രതികളെപ്പറ്റി ഇതുവരെ യാതൊരു സൂചനയും ലഭിച്ചിട്ടില്ല. ഇനിയും ഇയാളുടെ ജീവിത രീതിയെപ്പറ്റി വിശദമായി അന്വേഷിച്ച് അറിയേണ്ടതായിട്ടുണ്ട്. കേസ് വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടറുടെ ഊർജ്ജിതമായ അന്വേഷണത്തിലാണ്.

(ബി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി) എങ്കക്കാട് സ്വദേശി രാജേഷിന്റെ മൃതദേഹം കാണപ്പെട്ട ചാലിപ്പാടം ചിറയുടെ 250 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ തുടർച്ചയായി മൃതദേഹങ്ങൾ കാണുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംഭവസ്ഥലത്തു നിന്നും 250 മീറ്റർ അകലെയുള്ള റെയിൽവേ ട്രാക്കിൽ പലപ്പോഴും ട്രെയിൻ തട്ടിയുള്ള അപകടമരണങ്ങളും ആത്മഹത്യകളും ഉണ്ടാകാറുണ്ട്.

മങ്കട നിയോജകമണ്ഡലത്തിലെ കൊലപാതകങ്ങൾ

171 [3139] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിൽ നടന്ന കൊലപാതകങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആകെ എത്രപേരാണ് കൊല്ലപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കേസിലെയും പ്രതികളെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രതികളെക്കുറിച്ച് ഇനിയും ഒരു തുമ്പും ലഭിക്കാത്തത് ഏതെല്ലാം കേസുകളിലാണ്;

(ഇ) പ്രതികളെ തിരിച്ചറിഞ്ഞിട്ട് അറസ്റ്റ് ചെയ്യാൻ കഴിയാത്ത എത്ര കേസുകളുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോഴത്തെ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം (31-8-2004 മുതൽ) മങ്കട നിയോജകമണ്ഡലത്തിൽ നടന്ന മൂന്ന് കൊലപാതകങ്ങൾ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. മുണ്ടൻ കൊല്ലപ്പെട്ടതിന് വളാഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 302/2004 യു/എസ്. 302 ഐ. പി. സി. നമ്പരായും രാജേന്ദ്രൻ കൊല്ലപ്പെട്ടതിന് കൊളത്തൂർ സ്റ്റേഷനിൽ ക്രൈം 118/05 യു/എസ്. 302 ഐ. പി. സി. നമ്പരായും നളിനി കൊല്ലപ്പെട്ടതിന് കൊളത്തൂർ സ്റ്റേഷനിൽ ക്രൈം 180/04 യു/എസ്. 302

LIBRARY ARCHIVES Kerala Legislative Assembly

ഐ. പി. സി. നമ്പരായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നളിനി കൊലപാതക കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. (ക്രൈം നം. 214/സി. ആർ/2005)

(ബി) മൂന്നുപേർ

(സി)	ക്രൈം നമ്പർ	പ്രതികൾ
	302/04	ശങ്കുണ്ണി
	118/05	(1) ശെന്തിൽകുമാർ (2) മണി
	214/സി.ആർ/05	പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല

(ഡി) കൊളത്തൂർ പോലീസ് സ്റ്റേഷൻ ക്രൈം 180/04 കേസിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് ക്രൈം 214/സി.ആർ/2005 നമ്പർ പ്രകാരം അന്വേഷിച്ചുവരുന്നു.

(ഇ) പ്രതികളെ തിരിച്ചറിഞ്ഞിട്ടും അറസ്റ്റ് ചെയ്യാൻ കഴിയാത്ത കേസുകളില്ല.

കൊയിലാണ്ടി കോടതിയിൽ പ്രതിക്കുവേണ്ടി ഹാജരായ അഭിഭാഷകന്റെ പരാതി

172 [3140] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കോടതിയിൽ പ്രതിക്കുവേണ്ടി ഹാജരായതിന്റെ പേരിൽ എതിർകക്ഷികളുടെയും പോലീസിന്റെയും പീഡനം സഹിക്കേണ്ടിവന്ന ഒരു അഭിഭാഷകന്റെ പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ആ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ആ പരാതിയെക്കുറിച്ച് പോലീസിൽനിന്നും വ്യതിരിക്തമായ ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി കോഴിക്കോട് റൂറൽ നാർക്കോട്ടിക് സെൽ ഡിവൈ. എസ്. പി. വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും അഡ്വ. വിനോദ് കുമാറിനെതിരെ ടിയാൻ ആരോപിക്കുന്നതുപോലെയുള്ള പീഡനങ്ങളൊന്നും ഉണ്ടായിട്ടില്ലയെന്നും അദ്ദേഹത്തിന്റെ അന്തസ്സിനും പദവിക്കും ക്ഷതമേൽപ്പിക്കുന്ന യാതൊരു നടപടികളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നും വെളിവായിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly